ശ്രീ. എസ്. കുമാരൻ : മേശപ്പുറത്തുവച്ചിട്ടുള്ള മറുപടിയിൽ തന്നെ പ്രസ്തുത ആവശ്യങ്ങളെ സംബന്ധിച്ചു പരിശോധിച്ചു റിപ്പോർട്ട സമർപ്പിക്കുന്നതിന് പ്രൊഫസർ മാത്യുതരകൻ ചെയർമാനായുള്ള ഒരു കമ്മിറ്റിയെ രൂപീകരിച്ചിട്ടുള്ളതായി കാണുന്നു. ഈ കമ്മിറ്റി കഴിഞ്ഞ രണ്ടുവർഷമായി കൂടുകയോ റിപ്പോർട്ട സമർപ്പിക്കുകയോ ചെയ്തിട്ടില്ല. എന്താണ് ഇതിനു കാലതാമസമുണ്ടായതെന്നുള്ളതിനെപ്പറ്റി പറയാമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളുടെ വിവരങ്ങളാണ് മേശപ്പുറത്തു വച്ചിട്ടുള്ളതു്. അതിനുപുറമേ വേറെ കമ്മിറ്റിയുണ്ടോ എന്നുള്ള കാര്യത്തെപ്പറ്റി എനിക്കു ഇപ്പോൾ പറയുവാൻ സാദ്ധ്യമല്ല.

ശ്രീ. എസ്. കുമാരൻ : ഇതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ കാര്യമാണ് ഞാൻ ചോദിച്ചതു്. പ്രൊഫസർ മാത്യുതരകൻ ചെയർമാനായുള്ള കമ്മിറ്റി കഴിഞ്ഞ രണ്ടുവർഷമായി കൂടുകയോ അവരുടെ റിപ്പോർട്ട ഗവണ്മെൻറിലേയ്ക്കു് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. എന്തുകൊണ്ടാണ് ഈ കമ്മിറ്റി കൂടാത്തതെന്നും റിപ്പോർട്ട തരാതിരിക്കാൻ കാരണമെന്താണെന്നും പറയാമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അതിന്റെ വിശദവിവരം ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: അമ്പലപ്പുഴ—ചേർത്തല താലൂക്കിലെ തെഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി അവിടെനിന്നും ഒരു ജാഥ ഇവിടെ വന്നതിനുശേഷമാണ് അതേപ്പറ്റി പരിശോധിച്ചു റിപ്പോർട്ട സമർപ്പിക്കുന്നതിനു് അടിയന്തിരമായികമ്മിറ്റിയെ സംഘടിപ്പിച്ചതു്. അന്നു ആ ജാഥയോടു ഗവണ്മെൻറു് വ്യക്തമായി ചില കാര്യങ്ങളും ചെയ്യാമെന്നു പറഞ്ഞിട്ടില്ലേ ? ആ കാര്യങ്ങളിൽ എന്തെങ്കിലും ചെയ്തിട്ടുണ്ടോ ?

ശ്രീ. പി. പി. ഉമ്മർകോയ: അവിടെ ചില റിലീഫു് വർക്കുകളും നടത്തിയിട്ടുണ്ടു്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് ചില വ്യവസായങ്ങളും സ്ഥാപിക്കുന്നതിനു് ആലോചന നടത്തിയിട്ടുണ്ടു്.

ശ്രീ. എം. കൃഷ്ണൻ : വടകര മുനിസ്സിപ്പൽ അതിർത്തിയിൽപ്പെട്ട ചുങ്കം—അയിത്തല റോഡു് റിലീഫു് വർക്കിൽപ്പെടുത്തിയെങ്കിലും എസ്റ്റിമേറു തയ്യാറാക്കാൻ താമസിച്ചതുകൊണ്ടു് തള്ളപ്പെട്ടുപോയിരിക്കുകയാണു്. പുതുതായി റിലീഫു് വർക്കു് അനുവദിക്കുമ്പോൾ ചുങ്കം—അയിത്തല റോഡു് ഉൾപ്പെടുത്തുവാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : പ്രത്യേകമായി ചോദിച്ചാലേ പറയുവാൻ കഴിയൂ.

UNSTARRED QUESTIONS AND ANSWERS

ജയിലുകൾ

55. [2] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആകെ എത്ര ജയിലുകൾ ഉണ്ടു് ;

(ബി) ഓരോ ജയിലിലും 1964 ജനുവരി 1—ാം തീയ്യതി എത്ര ജയിൽ പുള്ളികൾ ഉണ്ടു് ;

(സി) അവർ ഏതേതു തരത്തിലുള്ള കുറ്റങ്ങൾ ചെയ്തതാണെന്നു പറയാമോ ;

(ഡി) രാഷ്ട്രീയ തടവുകാർ ആരെങ്കിലുമുണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) 42.

(ബി) പട്ടിക 'എ' നോക്കുക *

(സി) പട്ടിക 'ബി' നോക്കുക.

(ഡി) ഇല്ല

ഇലക്ഷൻ

56. [3] ശ്രീ. പി. സി. ആദിച്ചൻ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1965-ൽ കേരളത്തിൽ പൊതു ഇലക്ഷൻ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) അടുത്ത ഇലക്ഷനു് എണ്ണ ചെലവു് വരുമെന്നു് പ്രതീക്ഷിക്കുന്നു ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഉദ്ദേശം പതിനൊന്നു് ലക്ഷം രൂപ.

സെൻസസു് റിപ്പോർട്ടു്.

57. [4] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1961-ലെ സെൻസസു് റിപ്പോർട്ടു് തയ്യാറായതായി വിവരം ലഭിച്ചുവോ ;

(ബി) പ്രസ്തുത റിപ്പോർട്ടു് നിയമസഭാ സാമാജികന്മാർക്കു് മുൻകാലങ്ങളിൽ കൊടുത്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ 1961-ലെ റിപ്പോർട്ടു് നിയമസഭാസാമാജികന്മാർക്കു് കൊടുക്കുവാൻ നടപടിയെടുത്തിട്ടുണ്ടോ ?

ഉത്തരം.

(എ) 1961-ലെ സെൻസസു് റിപ്പോർട്ടിന്റെ ചിലഭാഗങ്ങളം ഇപ്പോൾ അച്ചടിയിലുള്ളതായും മറ്റു ചിലവ തയ്യാറാക്കുന്നതായും വിവരം ലഭിച്ചിട്ടുണ്ടു്.

(ബി) 1951-ലെ സെൻസസു് റിപ്പോർട്ടിന്റെ ഒരു ഭാഗമായ ഡിസ്ട്രിക്റ്റു് സെൻസസു് ഹാൻറു് ബുക്കിന്റെ പ്രതികളം നിയമസഭാസാമാജികന്മാർക്കു് നൽകിയിരുന്നു.

(സി) ഈ കാര്യം ഇപ്പോൾ ആലോചനയിലുണ്ടു്.

പഞ്ചസാര ഫാക്റ്ററി.

58. [5] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണമേഖലയിൽ തിരുവനന്തപുരത്തു് ഒരു പഞ്ചസാര ഫാക്റ്ററി സ്ഥാപിക്കുന്ന കാര്യം എത്രമാത്രം പുരോഗമിച്ചു ;

(ബി) അതിന്റെ വിശദാംശങ്ങൾ എന്താണു് ?

* Appendix III

LIBRARY ARCHIVES Kerala Legislative Assembly

APPENDIX III

[*Please see answer to unstarred question No.* 55(2)]

A

Sl. No.	*Name of Jail.*	*Population on 1-1-1964*
1.	Central Prison, Trivandrum	1001
2.	Central Jail, Viyyur	626
3.	Central Jail, Cannanore	926
4.	Open Prison, Nettukaltheri	98
5.	Special Sub Jail, Kozhikode	245
6.	Special sub Jail, Niyyur	47
7.	'A' Class Sub Jail' Trivandrum	62
8.	do. Attingal	13
9.	do. Quilon	26
11.	do. Kottarakkara	8
10.	do. Alleppey	15
12.	do. Kottayam	29
13.	do. Meenachil	12
14.	do. Alwaye	55
15.	do. Ernakulam	48
16.	do. Mattancherry	7
17.	do. Irinjalakuda	29
18.	do. Devicolam	9
19.	do. Palghat	27
20.	do. Cannanore	17
21.	do. Ottappalam	47
22.	do. Perintalmanna	11
23.	do. Tellicherry	15
24.	do. Kasaragod	24
25.	do. Peermade	5
26.	do. Ponkunnam	10
27.	do. Mavelikkara	9
28.	do. Muvattupuzha	35
29.	do. Pathanamthitta	5
30.	Ordinary Sub Jail, Quilandy	1
31.	do. Manjeri	9
32.	do. Alathur	45
33.	do. Vaithiri	10
34.	do. Tirur	2
35.	do. Ponnani	4
36.	do. Manantoddy	6
37.	do. Kuthuparamba	3
38.	do. Chowghat	2
39.	do. Badagara	5
40.	do. Hosdrug	13
41.	do. Chittur	21
42.	do. Vaikom	1
	Total	3583

LIBRARY ARCHIVES Kerala Legislative Assembly

'B'

Details of Jail Population on 1-1-1964 on the Basis of Offences Committed or charged

Sl. No.	*Classification of Offence.*	*No of Person involved.*
1.	**Offences under Indian Penal Code.**	
	(a) Offences affecting human body	1251*
	(b) Offences against property	867
	(c) Offences against public tranquility	36
	(d) Offences relating to documents & trade or property marks.	11
	(e) Offences relating to coin and Government stamps.	11
	(f) Criminal conspiracy.	7
	(g) Of false evidence & offences against public justice.	7
	(h) Offences affecting public safety.	3
	(i) Defamation.	2
2.	**Offences under Criminal Procedure Code.**	
	(a) Under Section 123 Cr. P. C.	228
	(b) Section 54 and 55 Cr. P. C.	33
	(c) Under Section 488 Cr. P. C. (Payment of maintenance allowance to wife and children)	19
	(d) Lunatic.	19
3.	Offences under Prohibition Act.	629
4.	Offences under Indian Railways Act.	201
5.	Offences under Kerala Police Act, 1961	66
6.	Offences under Forest Act	32
7.	Offences under Suppression of Immoral Traffic Act.	6
8.	Offences under Indian Army Act.	3
9.	Offences under Foreigner's Act.	3
10.	Offences under Indian Arms Act.	1
11.	Offences under Defence of India Rules.	1
12.	Offences under Civil Procedure Code.	2
13.	Remand and Under-trials not classified.	162
	Total	3583

* അതിൽ 302 വകുപ്പുപ്രകാരം ശിക്ഷിച്ചവർ 766

LIBRARY ARCHIVES Kerala Legislative Assembly